# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2522** — 14.02.2013-ൽ മറുപടിക്ക്

## ആരോഗ്യപരിപാലനത്തിനായി ചെലവഴിച്ച തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യ പരിപാലനത്തിനായി എൻ.ആർ.എച്ച്.എം. ഉൾപ്പെടെ കഴിഞ്ഞ 5 വർഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; ഇതിൽ കഴിഞ്ഞ 5 വർഷം മലപ്പുറം ജില്ലയ്ക്ക് വേണ്ടി അനുവദിച്ചതും വിനിയോഗിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾകൂടി ലഭ്യമാക്കുമോ ; | (എ) അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. പദ്ധതിയിലെ ഡോക്ടർമാരുടേയും, ജീവനക്കാരുടെയും നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ ; നിലവിലുള്ള ജീവനക്കാരുടെ സമുദായം തിരിച്ചുള്ള കണക്കുകൾ പ്രാദേശികവും, ജില്ലാതലവും, സംസ്ഥാന തലത്തിലുമായി നൽകുമോ ; | (ബി) എൻ.ആർ.എച്ച്.എം. നിയമനങ്ങൾ സ്ഥിരം നിയമനമല്ലാത്തതിനാൽ സംവരണം പാലിക്കുന്നില്ല. |
| (സി) കരാർ അടിസ്ഥാനത്തിലും അല്ലാതെയും എൻ.ആർ.എച്ച്.എം.-ൽ നിയമനം നടത്തുമ്പോൾ സംവരണം പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ, നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) ബാധകമല്ല. |
| (ഡി) മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യകേന്ദ്രങ്ങൾ നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാനും ആരോഗ്യ പരിപാലനകേന്ദ്രങ്ങൾ അനുവദിക്കാനും ആവശ്യമായ ഫണ്ടും, ജീവനക്കാരേയും അനുവദിക്കാനും തയ്യാറാകുമോ ? | (ഡി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ